മണർകാട് കത്തീഡ്രലിൽ റാസ ഇന്ന്; ചരിത്രപ്രസിദ്ധമായ നടതുറക്കൽ നാളെ

കോട്ടയം: മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ചു കുരിശുപള്ളികളിലേക്കു നടത്തുന്ന ഭക്തിനിർഭരവും വർണാഭവുമായ റാസ ഇന്നു നടക്കും.

ഏഷ്യയിലെ ഏറ്റവും വലിയ ആധ്യാത്മിക ഘോഷയാത്രയായ മണർകാട് കത്തീഡ്രലിലെ റാസയിൽ പതിനായിരക്കണക്കിനു മുത്തുക്കുടകളും നൂറുകണക്കിന് പൊൻ–വെള്ളിക്കുരിശുകളും കൊടികളും വെട്ടുക്കുടകളുമായി വിശ്വാസസഹസ്രങ്ങൾ അണിചേരും. ഉച്ചനമസ്കാരത്തെ തുടർന്നു മുത്തുക്കുടകൾ വിതരണം ആരംഭിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് അംശവസ്ത്രധാരികളായ വൈദികർ പ്രാർഥനകൾക്ക് ശേഷം പള്ളിയിൽനിന്ന് ഇറങ്ങി കൽക്കുരിശിലെ ധൂപപ്രാർഥനയ്ക്കു ശേഷം റാസയിൽ അണിചേരും. കണിയാംകുന്ന്, മണർകാട് കവല എന്നിവിടങ്ങളിലെ കുരിശിൻ തൊട്ടികളും കരോട്ടെ പള്ളിയുംചുറ്റി മൂന്നര കിലോമീറ്ററിലേറെ സഞ്ചരിച്ചാണു തിരികെ വലിയപള്ളിയിലെത്തുക.

ഏഴിന് രാവിലെ 11.30ന് മധ്യാഹ്ന പ്രാർഥനയെത്തുടർന്ന് ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് ജോസഫ് ബാവായുടെ മുഖ്യകാർമികത്വത്തിലാണ് ചരിത്രപ്രസിദ്ധമായ നടതുറക്കൽ ശുശ്രൂഷ നടക്കുക. കത്തീഡ്രലിന്റെ പ്രധാന മദ്ബഹായിലെ ത്രോണോസിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി വർഷത്തിൽ ഒരിക്കൽ മാത്രം തുറക്കുന്ന ചടങ്ങാണ് നടതുറക്കൽ ശുശ്രൂഷ. തുടർന്ന് കറിനേർച്ചയ്ക്കുള്ള പന്തിരുനാഴി ഘോഷയാത്ര. വൈകിട്ട് 6.30ന് കരോട്ടെ പള്ളി ചുറ്റിയുള്ള പ്രദക്ഷിണം. 10ന് പരിചമുട്ടുകളി, മാർഗം കളി. രാത്രി 12ന് കറിനേർച്ച വിതരണം.

ഗതാഗത നിയന്ത്രണം

കോട്ടയം: കോടിമത പുതിയ പാലത്തിന്റെ ഇരുവശങ്ങൾ, അപ്രോച്ച് റോഡ്, കോടിമത മാർക്കറ്റ് റോഡ് ജങ്ഷൻ, കോടിമത ചിറ റോഡ് എന്നിവിടങ്ങളിൽ ടാറിങ് നടക്കുന്നതിനാൽ ഏഴിന് രാവിലെ ഏഴു മുതൽ ഒൻപതിനു രാത്രി രാത്രി 12 വരെ ഈ റോഡുകളിൽ വാഹന ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതായി കോട്ടയം പൊതുമരാമത്ത് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

സിനിമ ഇന്ന്

- **കോട്ടയം**

ആനന്ദ്: ബത്‌ലഹേം കുടുംബയൂണിറ്റ് (10.30, 2, 5.20, 9, 11.59)
അഭിലാഷ്: ഐ ആം ഗെയിം (10.15, 1.45, 5.15, 8.45)
ആഷ: തുടക്കം (10:45) ബെത്‌ലഹേം കുടുംബ യൂണിറ്റ് (2, 05:30,9)

- **ചങ്ങനാശേരി**

അഭിനയ: ഐ ആം ഗെയിം (9, 10)
അനു: ഐ ആം ഗെയിം (12.35, 4, 7.20) ബത്‌ലഹേം കുടുംബയൂണിറ്റ് (9.30, 10.40)

- **പള്ളിക്കത്തോട്**

അഞ്ജലി:
സ്ക്രീൻ 1 ബത്‌ലഹേം കുടുംബയൂണിറ്റ് (10, 1.05, 4.10, 7.15, 10.20)
സ്ക്രീൻ 2: ബത്‌ലഹേം കുടുംബയൂണിറ്റ് (6, 9) സ്ക്രീൻ 3 ഐ ആം ഗെയിം (9, 12.30, 4, 7.30,11)

- **മുണ്ടക്കയം**

ആർ.ഡി. സിനിമാസ്:
ഓഡി 1: ബത്‌ലഹേം കുടുംബയൂണിറ്റ് (11.15, 6.15)ഐ ആം ഗെയിം (2.30, 9.30)
ഓഡി 2 : ബത്‌ലഹേം കുടുംബയൂണിറ്റ് (11, 9.45) ഐ ആം ഗെയിം (11, 6)
ഓഡി 3: ബത്‌ലഹേം കുടുംബയൂണിറ്റ് 9.45) ഐ ആം ഗെയിം (9)

- **പാലാ**

യൂണിവേഴ്സൽ: ബാലൻ (11.30, 2.30, 6.15,9.15)

- **ഈരാറ്റുപേട്ട**

സൂര്യ: സ്ക്രീൻ 1: ഐ ആം ഗെയിം (10.30, 2, 5.30, 8.45, 11.59)
സ്ക്രീൻ 2: ബത്‌ലഹേം കുടുംബയൂണിറ്റ് (10.45, 2.15, 5.45, 9)

- **കുറവിലങ്ങാട്**

ജോസ്കോ സിനിമാസ്:
ഓഡി 1: ബത്‌ലഹേം കുടുംബയൂണിറ്റ് (10 1.5, 4.30, 7.45, 11)
ഓഡി 2: ആ എം ഗെയിം (9.30, 1, 4.30, 8,11.30)

- **തലയോലപ്പറമ്പ്**

മൈ സിനിമാസ്: ബത്‌ലഹേം കുടുംബയൂണിറ്റ് (9.45, 12.45, 4.10, 4.30, 7,10.30, 10.45)
ആ ആം ഗെയിം (9.30, 1, 1.15,3.45, 7.15, 10.15)
ഖലീഫ (10, 7.30)

- **കറുകച്ചാൽ**

അഞ്ജലി: സ്ക്രീൻ 1: ബത്‌ലഹേം കുടുംബയൂണിറ്റ് (9, 12.15, 3.45, 7.15, 10.45)
സ്ക്രീൻ 2: ആ എം ഗെയിം (9, 12.45, 4.30, 8.15, 11.59)

സഹപാഠിയുടെ ചിത്രങ്ങൾ മോശംരീതിയിൽ എഡിറ്റ് ചെയ്ത സംഭവം: ഞെട്ടൽ മാറാതെ വിദ്യാർഥികൾ

കോട്ടയം: തൃക്കാക്കരയ്ക്കു പിന്നാലെ കോട്ടയത്തും എ.ഐ. ഡീപ്ഫേക്ക് സങ്കേതങ്ങൾ ഉപയോഗിച്ചു സഹപാഠി ചിത്രങ്ങൾ മോശം രീതിയിൽ എഡിറ്റ് ചെയ്തതിന്റെ ഞെട്ടൽ മാറാതെ വിദ്യാർഥികൾ.

തൃക്കാക്കരയിലെ സ്വകാര്യ കോളജിലെ രണ്ടാം വർഷ ബിബിഎ വിദ്യാർഥി എസ്. ശ്രീഹരിയെ പോലീസ് അറസ്റ്റു ചെയ്തതിനു പിന്നാലെയാണു കോട്ടയത്തു നിന്നും സമാന സംഭവം റിപ്പോർട്ടു ചെയ്തത്.

സ്വകാര്യ എൻജിനീയറിങ് കോളജിലെ ബി–ടെക് വിദ്യാർഥി അമലാണു സഹപാഠിയായ യുവതിയുടെ ഇൻസ്റ്റഗ്രാം അക്കൗണ്ട് നിയമവിരുദ്ധമായി ഹാക്കു ചെയ്യുകയും, യുവതിയുടെയും മറ്റു സഹപാഠികളുടെയും ചിത്രങ്ങൾ മോർഫ് ചെയ്ത് നഗ്ന ചിത്രങ്ങളാക്കി മൊബൈൽ ഫോണിൽ രഹസ്യമായി സൂക്ഷിക്കുകയും ചെയ്തത്. ഏകദേശം 1500 ചിത്രങ്ങൾ ഇത്തരത്തിൽ ഇയാൾ ചിത്രീകരിച്ചു എന്നാണു പുറത്തു വരുന്ന വിവരം. പ്രൊജക്റ്റ് വർക്കിനു വേണ്ടി ലാപ്ടോപ് എടുത്ത മറ്റൊരു വിദ്യാർഥിയാണു ചിത്രങ്ങൾ കണ്ടത്. തുടർന്നു പോലീസിൽ അറിയിക്കുകയായിരുന്നു.

തട്ടിപ്പിനു കൂട്ട് ടെലഗ്രാം

കോട്ടയം: ടെലഗ്രാം പോലുള്ള പ്ലാറ്റ്ഫോമുകൾ കേന്ദ്രീകരിച്ചു നിയമവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപകം.

തൃക്കാക്കരയിലെ സ്വകാര്യ കോളജിലെ വിദ്യാർഥി എസ്. ശ്രീഹരി സഹപാഠികളായ വിദ്യാർഥിനികളുടെയും അധ്യാപകരുടെയും ചിത്രങ്ങൾ എ.ഐ. സാങ്കേതിക വിദ്യ ഉപയോഗിച്ചു മോർഫ് ചെയ്തു പ്രചരിപ്പിച്ചതു ടെലഗ്രാം ഗ്രൂപ്പുകൾ വഴിയാണെന്നാണു പോലീസ് കണ്ടെത്തിയത്.

പ്രതിയുടെ ഫോണിൽ നിറയെ ഇത്തരം ആപ്പുകളും സഹപാഠികളുടെയും അധ്യാപകരുടെയും ചിത്രങ്ങളുമായിരുന്നു. ഇവരുടെ മോർഫ് ചെയ്ത ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനായി ടെലഗ്രാം ആപ്പിലെ ക്ലോസ്ഡ് ഗ്രൂപ്പുകളാണു പ്രധാനമായും ഉപയോഗിച്ചത്. കോളജ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന സോഷ്യൽ മീഡിയ ഗ്രൂപ്പുകൾക്കു പുറമെ, നാലോ അഞ്ചോ പേർ മാത്രമടങ്ങുന്ന ഒരു പ്രത്യേക ടെലിഗ്രാം ഗ്രൂപ്പ് രൂപീകരിച്ചാണു ചിത്രങ്ങൾ പരസ്പരം കൈമാറിയത്.

ഫോൺ നമ്പർ വെളിപ്പെടുത്താതെ ഉപയോഗിക്കാമെന്ന സൗകര്യവും വൻതോതിൽ ആളുകളെ ഉൾക്കൊള്ളിക്കാവുന്ന ഗ്രൂപ്പുകളുടെ സാന്നിധ്യവുമാണു യുവാക്കളെ ഇത്തരം പ്രവണതകളിലേക്കു നയിക്കുന്നത്.

പാർട്ട് ടൈം ജോലികൾ വാഗ്ദാനം ചെയ്തുള്ള ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, വ്യാജ ചോദ്യപേപ്പർ വിൽപ്പന, ട്രേഡിങ് ടിപ്പുകൾ എന്നിവയിലാണു പ്രധാനമായും ടെലഗ്രാം പോലുള്ള ആപ്പുകൾ വഴി നടക്കുന്നത്.

അഭിഭാഷക ധനസഹായ പദ്ധതി

കോട്ടയം: പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അഭിഭാഷക ധനസഹായ പദ്ധതിക്ക് സെപ്റ്റംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പോർട്ടൽ: www.hwin.kerala.gov.in. ഫോൺ: 0484–2983130.

സയൻറിഫിക് അപ്രന്റീസ്

കോട്ടയം: മലിനീകരണ നിയന്ത്രണ ബോർഡിൻറെ കോട്ടയം ജില്ലാ ഓഫീസിൽ പോസ്റ്റ് ഗ്രാജുവേറ്റ് സയൻറിഫിക് അപ്രൻറീസ് നിയമനത്തിനുള്ള വാക്–ഇൻ–ഇൻറർവ്യൂ സെപ്റ്റംബർ എട്ടിനു രാവിലെ 10.30ന് നടക്കും.

വിദ്യാഭ്യാസ യോഗ്യത: കെമിസ്ട്രി/ മൈക്രോബയോളജി/എൻവയോൺമെൻറൽ സയൻസിൽ 50 ശതമാനം മാർക്കോടെ ബിരുദാനന്തരബിരുദം.

പ്രായപരിധി: 32 വയസ്. സർട്ടിഫിക്കറ്റുകൾ, മാർക്ക്‌ലിസ്റ്റുകൾ എന്നിവയുടെ അസലും, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, പ്രവൃത്തിപരിചയ രേഖകളും (ഉണ്ടെങ്കിൽ) സഹിതം കോട്ടയം ശ്രീനിവാസ അയ്യർ റോഡിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസിൽ എത്തണം. ഫോൺ: 0481–2302445; വെബ്സൈറ്റ്: www.kspcb.kerala.gov.in

- ബാങ്ക് എംപ്ലോയീസ് ആന്റ് റിട്ടയറീസ് കൾച്ചറൽ അസോസിയേഷൻ (ബെർക്ക) സംഘടിപ്പിച്ച ആദരവ് സമ്മേളനത്തിൽ സാമൂഹിക സേവനത്തിനുള്ള എ.വി ശ്രീകുമാർ സ്മാരക പുരസ്കാരം ഡിജോ കാപ്പന്റെ ഭാര്യ ഡോ. മിനി ഡിജോ കാപ്പനും മകൾ മരിയറ്റയും ചേർന്നു സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനിൽ നിന്നു ഏറ്റുവാങ്ങുന്നു.

പുതിയ കാലം ആവശ്യപ്പെടുന്നത് നിസ്വാർഥരും സമർപ്പിതരുമായ പൊതുപ്രവർത്തകരെ: സ്പീക്കർ തിരുവഞ്ചൂർ

കോട്ടയം: രാഷ്ട്രീയത്തിന്റെ ഉന്നതികളിൽ എത്തുമായിരുന്നിട്ടും അതെല്ലാം ഉപേക്ഷിച്ചു സ്വന്തം ലാഭമോ പ്രശസ്തിയോ ആഗ്രഹിക്കാതെ സമൂഹത്തിന്റെ നന്മക്കും മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി പൂർണമായി സമർപ്പിച്ച വ്യക്തിയായിരുന്നു ഡിജോ കാപ്പൻ എന്നു നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ഡിജോ കാപ്പന്റെ അഭാവം ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് ഒരു വിടവ് സൃഷ്ടിച്ചിട്ടുണ്ട്. അസംഘടിത ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നത് ഒരു ജനാധിപത്യ സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് അത്യാവശ്യമാണെന്നും സ്പീക്കർ പറഞ്ഞു.

ബാങ്ക് എംപ്ലോയീസ് ആന്റ് റിട്ടയറീസ് കൾച്ചറൽ അസോസിയേഷൻ (ബെർക്ക) സംഘടിപ്പിച്ച ആദരവ് 2026ൽ സാമൂഹിക സേവനത്തിനുള്ള എ.വി ശ്രീകുമാർ സ്മാരക പുരസ്കാരം മരണാനന്തര ബഹുമതിയായി ഡിജോ കാപ്പന് നൽകി സംസാരിക്കുകയായിരുന്നു സ്പീക്കർ. ഡിജോ കാപ്പന്റെ ഭാര്യ ഡോ.മിനി ഡിജോ കാപ്പനും മകൾ മരിയറ്റയും ചേർന്ന് ഏറ്റുവാങ്ങി. ബെർക്ക പ്രസിഡന്റ് അനിയൻ മാത്യു അധ്യക്ഷതവഹിച്ചു.

ചടങ്ങിൽ പ്രസാദ് മല്ലപ്പള്ളി രചിച്ച ദി ജഡ്ജ്മെന്റ് എന്ന പുസ്തകം ചാണ്ടി ഉമ്മൻ എം.എൽ.എ മുതിർന്ന മാധ്യമപ്രവർത്തകൻ ചെറുകര സണ്ണി ലൂക്കോസിനു നൽകി പ്രകാശനം ചെയ്തു.

വിബി ബിനു, സി.ടി കോശി, പ്രസാദ് മല്ലപ്പള്ളി സച്ചിൻ ജേക്കബ് പോൾ, പ്രഫ. നെടുങ്കുന്നം രഘുദേവ് , ജോയി നാലുന്നാക്കൽ, ഷാജി ജോൺ, പി എസ്. വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

ഭക്ഷ്യസാധനങ്ങളിലെ മായംകലർത്തൽ നിയമം കർക്കശമാക്കണം: കേരള മദ്യവർജ്ജന ബോധവൽക്കരണ സമിതി

കോട്ടയം: ഭക്ഷ്യസാധനങ്ങളിലെ മായം കലർത്തൽ നിയമം കർക്കശമാക്കണമെന്ന് കേരള മദ്യവർജന ബോധവൽക്കരണ സമിതി കോട്ടയത്ത് ചേർന്ന സംസ്ഥാന എക്സിക്യൂട്ടീവ് യോഗം ഗവൺമെൻറിനോട് ആവശ്യപ്പെട്ടു.

ആരോഗ്യപരിപാലനത്തിൽ ഭക്ഷ്യസുരക്ഷ വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും നിയമത്തിന്റെ പഴുതുകളിലൂടെ ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നവരെ ശിക്ഷിക്കുന്നത് ലഘൂകരിക്കപ്പെട്ടിരിക്കുന്നു.

പ്രസ്തുത നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്നും പൊതുതാൽപര്യം സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡൻറ് സോമൻ പാമ്പായിക്കോട് അദ്ധ്യക്ഷതവഹിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറ് സാമുവേൽ പ്രക്കാനം, സംസ്ഥാന സംഘടനാ ജനറൽ സെക്രട്ടറി നാസർ ഹമീദ്, സംസ്ഥാന വർക്കിംഗ് പ്രസിഡൻറ് കെ.എ. കമറുദ്ദീൻ പാലക്കാട്, സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ബേബിക്കുട്ടി ഡാനിയേൽ, വട്ടിയൂർക്കാവ് സദാനന്ദൻ തിരുവനന്തപുരം, പി.സി. സതീഷ് കോഴിക്കോട്, ജോൺസൺ മാളിയേക്കൽ എറണാകുളം, ഗിരിജ മോഹൻ പത്തനംതിട്ട, ജൂമൈദ് കൈപ്പാണി വയനാട്, കെ.ജി. നന്ദകുമാർ തൃശൂർ, ബഷീർ കൊടുങ്ങല്ലൂർ, സംസ്ഥാന ട്രഷറർ വിൻസൺ പണ്ടാരവളപ്പിൽ തൃശൂർ, സംസ്ഥാന വൈസ് പ്രസിഡൻറുമാരായ മുഹമ്മദ് ടിംബർ കാസർകോട്, പി.ജെ. ഡാനിയേൽ ആലപ്പുഴ, സംസ്ഥാന സെക്രട്ടറിമാരായ രാജേഷ് ചാന്നാനിക്കാട് കോട്ടയം, ഓമന ചെല്ലപ്പൻ ആലപ്പുഴ, മോഹനൻ പേയാട് തിരുവനന്തപുരം, വിലാസിനി കെ. പ്രദീപ് കോട്ടയം, കെ.എച്ച്. സിദ്ദീഖ് തൃശൂർ, കെ. ജമീല മുഹമ്മദ്, ടോമി ചെറുവള്ളി ഇടുക്കി, റ്റി.കെ. ശിവൻ കൊല്ലം, ജിനോ ജോൺ എറണാകുളം തുടങ്ങിയവർ പ്രസംഗിച്ചു.

സി.ഐ.ടി.യു. ജില്ലാ സമ്മേളനം ഏറ്റുമാനൂരിൽ

ഏറ്റുമാനൂർ: സി.ഐ.ടി.യു ജില്ലാ സമ്മേളനം ഇന്നും നാളെയുമായി ഏറ്റുമാനൂർ തോംസൺ കൈലാസ് ഓഡിറ്റോറിയത്തിൽ ചേരും. ഇന്നു രാവിലെ 9.30ന് സമ്മേളന നഗറിൽ പതാക ഉയർത്തും. പ്രതിനിധി സമ്മേളനം സി.ഐ.ടി.യു ദേശീയ ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്യും. ദേശീയ സെക്രട്ടറി കെ.എൻ ഗോപിനാഥ്, സംസ്ഥാന സെക്രട്ടറി കെ. എസ് സുനിൽകുമാർ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ.പി മേരി, ടി.ആർ രഘുനാഥൻ എന്നിവർ പങ്കെടുക്കും. ജില്ലയിൽ സി.ഐ.ടി.യു അംഗങ്ങളായ 2,28,607 തൊഴിലാളികളെ പ്രതിനിധീകരിച്ച് 421 പേരും സർവീസ് സംഘടനകളെ പ്രതിനിധീകരിച്ച് 11 സൗഹാർദ പ്രതിനിധികളും പങ്കെടുക്കും.

തേക്കിൻ തൈ

കോട്ടയം: സാമൂഹിക വനവൽക്കരണ വിഭാഗം പത്തനംതിട്ട ഡിവിഷൻ റാന്നി റെയ്ഞ്ചിനു കീഴിലെ പത്തനംതിട്ട ഓമല്ലൂർ മുറിപ്പാറ നഴ്സറിയിൽ മികച്ചയിനം തേക്കിൻ തൈകൾ വിൽപനയ്ക്ക് ലഭിക്കും. തൈ ഒന്നിന് 23 രൂപ. ഫോൺ: 9495104624, 8547603707, 9778508278.

മീനച്ചിൽ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ

2026–ൽ എ.ആർ.സി. നമ്പർ 184

വാദി: രാമപുരം റീജിയണൽ സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 4111 നു വേണ്ടി സെക്രട്ടറി, വെള്ളിലാപ്പിള്ളി വില്ലേജിൽ ഇടക്കോലി കരയിൽ ചക്കാനിക്കുന്നേൽ പി.ഒ.യിൽ ചിൽ [illegible], വീട്ടിൽ സെബാസ്റ്റ്യൻ മകൻ 46 വയസുള്ള സന്തോഷ് സെബാസ്റ്റ്യൻ.

1 -ാം പ്രതി: രാമപുരം വില്ലേജിൽ രാമപുരം കരയിൽ താന്നിക്കൽ വീട്ടിൽ മത്തായി മകൻ ബെന്നി മാത്യു.

മേൽനമ്പർ കേസിൽ 1–ാം പ്രതിയെ തെര്യപ്പെടുത്തുന്നത്

അന്യായ തുക ഈടാക്കിയെടുക്കുന്നതിന് വേണ്ടി മീനച്ചിൽ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ വാദി ബോധിപ്പിച്ച മേൽനമ്പർ അന്യായത്തിൽ മീനച്ചിൽ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ (ജനറൽ) നിന്നും അയച്ച നോട്ടീസ് 1–ാം പ്രതിയെ കണ്ടെത്താനാവാതെ മടങ്ങിയിട്ടുള്ളതാണ്. മേൽനമ്പർ അന്യായത്തിൽ ഏതെങ്കിലും തർക്കമോ ആക്ഷേപമോ ഉള്ളപക്ഷം ടി അന്യായത്തിന്റെ അടുത്ത വിചാരണ തീയതിയായ 2026–ാമാണ്ട് സെപ്റ്റംബർ മാസം 22–ാം തീയതി പകൽ 11 മണിക്ക് താങ്കൾ നേരിട്ടോ വക്കീൽ മുഖേനയോ സ്പെഷ്യൽ സെയിൽ ഓഫീസർ, മീനച്ചിൽ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് (ജനറൽ), പാലാ മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും. അല്ലാത്തപക്ഷം തർക്കമില്ലെന്നുകണ്ട് അന്യായ സംഗതി തീർപ്പ് ചെയ്യുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ആർബിട്രേറ്റർ/
സ്പെഷ്യൽ സെയിൽ ഓഫീസർ
രാമപുരം SCB ഗ്രൂപ്പ്

പാലാ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നം. 1850

പാലാ പി.ഒ., ഫോൺ: 04822211514

ടെൻഡർ ക്ഷണിക്കുന്നു

ടി ബാങ്കിന്റെ ഒന്നാം ബ്രാഞ്ചിന്റെ പുതിയ കെട്ടിടത്തിൽ കൗണ്ടർ, ക്യാബിനുകൾ, മറ്റ് ഇന്റീരിയർ ഡിസൈനിംഗ് വർക്കുകൾ തുടങ്ങിയവ ചെയ്യുന്നതിന് പ്രവൃത്തിപരിചയമുള്ള സ്ഥാപനങ്ങൾ/കരാറുകാരിൽ നിന്ന് ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡർ ഫോം ലഭിക്കുന്ന തീയതി: 07.09.2026 മുതൽ 18.09.2026 വരെ. പൂരിപ്പിച്ച ടെൻഡർ ഫോം ലഭിക്കേണ്ട അവസാന തീയതി : 19.09.2026, 4 പി.എം. വിശദ വിവരങ്ങൾക്ക് ബാങ്കിന്റെ ഹെഡ് ഓഫീസുമായി ബന്ധപ്പെടുക.

പാലാ
05.09.2026
(ഒപ്പ്)
ജനറൽ മാനേജർ

UJJIVAN SMALL FINANCE BANK

Registered Office: Grape Garden, No.27, 3rd "A" Cross, 18th Main, 6th Block, Koramangala, Bengaluru – 560095, Karnataka.
Branch Office: No.67/2926(1) Ground Floor, Vithayathil Building, Old Railway Station Road, Ernakulam North, Kerala-682018

ഇ - ലേലവിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, അനുബന്ധം 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8 (6) പ്രകാരം [illegible]

[illegible]

ലോൺ അക്കൗണ്ട് നമ്പർ / വായ്പക്കാരന്റെ / സഹവായ്പക്കാരന്റെ / ജാമ്യക്കാരുടെ പേര്	(i) 13 - 2 നോട്ടീസ് തീയതി ഡിമാൻഡ് തുക (ii) കൈവശപ്പെടുത്തിയ തീയതി	നിലവിലെ കുടിശ്ശിക ബാലൻസ്	റിസർവ് പ്രൈസ് INR-ൽ	നിരതദ്രവ്യം നിക്ഷേപം (ഇ.എം.ഡി) INR-ൽ
1193210170000083 / 1. ശ്രീമതി [illegible] 2. ശ്രീ. [illegible] 3. [illegible] 4. ശ്രീ. [illegible] പി. 5. ശ്രീമതി [illegible]	(I) 25.06.2025 & ₹ 14,64,975/- [illegible] (ii) [illegible] 10.06.2026	₹ 18,97,006/- [illegible] 03.09.2026 [illegible]	₹ 14,36,000/- [illegible]	₹ 1,43,600/- [illegible]

സ്വത്ത് വിവരണം / ഷെഡ്യൂൾ: കോട്ടയം ജില്ല, വൈക്കം താലൂക്ക്, [illegible] വില്ലേജ്, ബ്ലോക്ക് നമ്പർ 1, സർവേ നമ്പർ 179/11-1 ൽ ഉൾപ്പെട്ട 3.24 ഏക്കർ [illegible]

ഈ-ലേല തീയതിയും സമയവും : 14.10.2026 രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ

ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി	സ്വത്ത് പരിശോധിക്കാവുന്ന തീയതിയും സമയവും
13.10.2026 [illegible]	12. 10. 2026, രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ

കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് അധികൃത ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുക :
ശ്രീ. രാജുപ്രസാദ് – 95009 96689 / ശ്രീ. [illegible] – 78451 92961

[illegible] Ms. C1 India PVT LTD [illegible] 74182 81789 [illegible] https://www.bankeauctions.com [illegible] https://www.ujjivansfb.in/e-auctions [illegible] support@bankeauctions.com [illegible]

https://www.ujjivansfb.in/e-auctions / https://www.bankeauctions.com

തീയതി: 06.09.2026

(Sd/-)
അധികാരപ്പെട്ട ഓഫീസർ
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്

കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്

Kosamattam Finance Ltd.

രജിസ്റ്റേർഡ് ഓഫീസ്: കോട്ടയം
ഹെഡ് ഓഫീസ്: കൊശമറ്റം സിറ്റി സെന്റർ, ഫ്ലോർ നമ്പർ : 4 & 5, ടി ബി റോഡ്, കോട്ടയം–1.
ഇമെയിൽ: credit@kosamattam.com, ഫോൺ: 0481– 2586440, 9447598339

സ്ഥാവര വസ്തുക്കളുടെ ടെൻഡർ /ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടം 2002–ന്റെ ചട്ടം 8 (6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ടെൻഡർ / ലേല വിൽപന നോട്ടീസ്.

[illegible] ലിമിറ്റഡ്, നമ്പർ VIII/583, [illegible] കോട്ടയം - 686562 [illegible] 30/10/2025 ലെ [illegible] 38,33,468/- രൂപയും 30/08/2026 [illegible] 09/10/2026 ന് [illegible] 2.30 മണിക്ക് [illegible] www.kosamattam.com [illegible]

വസ്തു നം: 1.	കരുതൽ വില	: രൂപ 21,00,000/- (ഇരുപത്തൊന്ന് ലക്ഷം രൂപ മാത്രം)
	നിരതദ്രവ്യ തുക	: രൂപ 2,10,000/- (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം)
വസ്തു നം: 2.	കരുതൽ വില	: രൂപ 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം)
	നിരതദ്രവ്യ തുക	: രൂപ 1,80,000/- (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)
	കുറഞ്ഞ ലേല വർധന തുക	: രൂപ 10,000/- (പതിനായിരം രൂപ മാത്രം)

നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റും സീൽഡ് ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും സ്ഥലവും: 09/10/2026 [illegible] 12.30 മണി വരെയോ [illegible] നമ്പർ–0037073000002650, IFSC-SIBL0000037, [illegible]

ടെൻഡർ തുറന്ന് ലേലം നടക്കുന്ന തീയതിയും സമയവും സ്ഥലവും: 09/10/2026 ഉച്ച കഴിഞ്ഞു 2.30 മണിക്ക് [illegible]

വിൽപനയ്ക്കുള്ള സ്ഥാവരവസ്തുക്കളുടെ വിവരണം

1. [illegible] നമ്പർ VIII/583, [illegible] കോട്ടയം–686562 [illegible] ബ്ലോക്ക് നമ്പർ 26 - ൽ, റീ സർവ്വേ നമ്പർ 253/3/1ൽ (പഴയ സർവ്വേ നമ്പർ 57/6) [illegible] 2.77 ആർ (6.844 സെന്റ്) [illegible]
2. [illegible] ബ്ലോക്ക് നമ്പർ 28 - ൽ, റീ സർവ്വേ നമ്പർ 494/3/1, 494/3/3/1ൽ (പഴയ സർവ്വേ നമ്പർ 735/16 4) [illegible] 4.45 ആർ (11.00 സെന്റ്) [illegible]

N.B: [illegible] www.kosamattam.com [illegible]

സ്ഥലം : കോട്ടയം
തീയതി : 05/09/2026
(ഒപ്പ്)
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്

ബഹു: പാലാ മുൻസിഫ് കോടതി മുമ്പാകെ

2026–ൽ O.S. No. 72

വാദി : John Pawan Briscoe, aged 51 years, S/o Chinnamma John (Chinnamma Annie Briscoe) residing at Lehmann Hospital Road, Opposite Sony Provision Store, Hervertpur, Dehradun, Uttarakhand.

കൂടുതൽ 23–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൾ 77 വയസുള്ള കുഞ്ഞുമോൾ.

കൂടുതൽ 24–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൾ 75 വയസുള്ള ഷേർളി.

കൂടുതൽ 25–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൾ 70 വയസുള്ള ഷാലി.

കൂടുതൽ 26–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൾ 68 വയസുള്ള സിസിലി.

കൂടുതൽ 27–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൾ 66 വയസുള്ള ഹെസി.

കൂടുതൽ 28–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൻ 71 വയസുള്ള ജോപി.

കൂടുതൽ 29–ാം പ്രതി : വൈക്കം താലൂക്കിൽ, വടയാർ വില്ലേജിൽ, തലയോലപ്പറമ്പ് പി.ഒ.യിൽ, കരമോതിൽ വീട്ടിൽ ചാക്കോ മകൻ 69 വയസുള്ള രാജു.

കൂടുതൽ 31–ാം പ്രതി : മൂവാറ്റുപുഴ താലൂക്കിൽ, കൂത്താട്ടുകുളം വില്ലേജിൽ, കൂത്താട്ടുകുളം പി.ഒ.യിൽ, ടി.ബി. റോഡിൽ, പനന്തിക്കൽ വീട്ടിൽ ജോൺ മകൻ 65 വയസുള്ള ജിമ്മി.

കൂടുതൽ 23, 24, 25, 26, 27, 28, 29, 31 പ്രതികളെ തെര്യപ്പെടുത്തുന്നത്.

അന്യായപട്ടിക വസ്തു ഭാഗം ചെയ്യുന്നതിനും മറ്റുമായി വാദി ബോധിപ്പിച്ചിരിക്കുന്ന മേൽ നമ്പർ കേസ് 14.9.26 തീയതിയിലേക്ക് അവധി വെച്ചിട്ടുള്ളതാണ്. മേൽ നമ്പർ കേസ് സംബന്ധിച്ച് എന്തെങ്കിലും തർക്കം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് താങ്കൾ നേരിട്ടോ ഏജന്റ് മുഖേനയോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാണ്. അല്ലാത്തപക്ഷം താങ്കളെ കൂടാതെ ടി കേസ് തീർപ്പ് ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
അഡ്വക്കേറ്റ്
സെബി ചെറിയാൻ (ഒപ്പ്)
പാലാ

Federal Bank

എൽ.സി.ആർ.ഡി കോട്ടയം ഡിവിഷൻ, ഷേക്കുകൾ ബിൽഡിംഗ്സ്, ടി.ബി. റോഡ്, കോട്ടയം–686001, Ph: 0481-2563280, 2583907, Email: ktmlcrd@federalbank.in
Website: www.federalbank.in, CIN: L65191KL1931PLC000368

KTM [illegible]

വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

[illegible] (1) M/s ശ്രീനാരായണ ഗുരു ട്രസ്റ്റ് [illegible] കോട്ടയം-686001 [illegible] (2) ശ്രീ. [illegible] എ.ജി, S/o [illegible] (3) ശ്രീ. [illegible] S/o [illegible] (4) ശ്രീ. [illegible] S/o [illegible] (5) ശ്രീ. [illegible] S/o വി.ആർ. [illegible] 03-09-2026 [illegible] രൂപ 17,68,51,347/- [illegible] "As is where is", "As is what is" & "Whatever there is" എന്ന അടിസ്ഥാനത്തിൽ 24-09-2026ന് രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ [illegible]

സ്ഥാവര വസ്തുക്കളുടെ വിവരണം

(1) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 105/1-1 (പഴയ സർവ്വേ നമ്പർ 577/1) ൽ പെട്ട 38.60 ആർസ് [illegible]
(2) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 103/3,103/4 (പഴയ സർവ്വേ നമ്പർ 576/1-A/4) ൽ പെട്ട 163.38 ആർസ് [illegible] PWD റോഡ് [illegible]
(3) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 105/11 (പഴയ സർവ്വേ നമ്പർ 582/6) ൽ പെട്ട 12.63 ആർസ് [illegible]
(4) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 105/8, 105/13 (പഴയ സർവ്വേ നമ്പർ 582/4) ൽ പെട്ട 6.44 ആർസ് [illegible]
(5) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 104/23-1 (പഴയ സർവ്വേ നമ്പർ 583/1) ൽ പെട്ട 10.12 ആർസ് [illegible]
(6) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 104/24 (പഴയ സർവ്വേ നമ്പർ 583/2) ൽ പെട്ട 5.05 ആർസ് [illegible]
(7) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 104/23,104/2 (പഴയ സർവ്വേ നമ്പർ 583/1) ൽ പെട്ട 34.48 ആർസ് [illegible]
(8) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 104/3-3, 104/3-2, 104/3-1, 104/3, 104/25 (പഴയ സർവ്വേ നമ്പർ 583/2) ൽ പെട്ട 47.35 ആർസ് [illegible]
(9) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 105/10 (പഴയ സർവ്വേ നമ്പർ 577/1) ൽ പെട്ട 43.40 ആർസ് [illegible]
(10) കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, പുതുപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നം. 37, റീ സർവ്വേ നമ്പർ 104/1-1 (പഴയ സർവ്വേ നമ്പർ 583/1) ൽ പെട്ട 44.90 ആർസ് [illegible]

കരുതൽ തുക: രൂപ 12,50,00,000/-	നിരതദ്രവ്യം: രൂപ 1,25,00,000/-

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെ https://www.federalbank.co.in/web/guest/tender-notices എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക.

സ്ഥലം : കോട്ടയം
തീയതി : 03-09-2026
(ഒപ്പ്) ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിന് വേണ്ടി
(SARFAESI Act പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ)

Scanned with OKEN Scanner